# GLPS-KONDAYUR

# Academic Master Plan 2025-26

# ആമുഖം

1948 ൽ സ്ഥാപിതമായ ജി.എൽ.പി.എസ് കൊണ്ടയൂർ എന്ന വിദ്യാലയത്തിന്റെ ഇതുവരെയുള്ള വളർച്ചയ്ക്കു കാരണമായത് കൊണ്ടയൂർ എന്ന ഗ്രാമത്തിലെ പ്രമുഖരായ വ്യക്തികളുടെയും സാധാരണക്കാരായ ജനങ്ങളുടെയും പല തരത്തിലുള്ള പ്രയത്നത്തിന്റെ ഫലമായിട്ടാണ്.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ഒരു കാർഷിക മേഖലയാണെങ്കിലും, മികച്ച ഭൗതിക സാഹചര്യങ്ങളും, സ്മാർട്ട് ക്ലാസ്സ് റൂമുകളും, മികച്ച അധ്യാപകരുടെ സേവനങ്ങളും പങ്കാളിത്തവും ഉണ്ടെങ്കിലും ഈ വിദ്യാലയത്തിന്റെ ഇന്നത്തെ അവസ്ഥ പലവിധ കാരണങ്ങളാൽ പിന്നാക്കം പോയിരിക്കുകയാണ്.

യു.പി സ്കൂൾ അഭാവത്തിനാലും, വാഹന സൗകര്യത്തിന്റെ പോരായ്മയും, ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവിണ്യം കണക്കിലെടുത്തും പല മാതാപിതാക്കളും അൺ എയ്ഡഡ് വിദ്യാലയങ്ങളെ ആശ്രയിക്കുന്നതിനാലും കൊണ്ടയൂർ സ്കൂളിൽ വർഷം തോറും കുട്ടികൾ കുറഞ്ഞു വരികയാണ്. അതിനാൽ തന്നെ സ്കൂളിന്റെ അക്കാദമിക, സാമൂഹിക മേഖലകളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ഇതിന് മുന്നോടിയായി എന്തെല്ലാം മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നും ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി 5 വർഷം കൊണ്ട് നടപ്പാക്കേണ്ട പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാനും വിദ്യാലയ വികസനസമിതി ചർച്ച ചെയ്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം വികസന പദ്ധതികൾ കൃത്യമായി നിർവ്വഹിക്കാൻ

സാധിച്ചാൽ കാർഷിക മേഖലയായ കൊണ്ടയൂരിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്നതിനായി വിദ്യാഭ്യാസ മാനസിക വികാസം, സംസ്കാര സമ്പന്നരുമായ ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ ഈ സ്കൂളിന് മികച്ച പങ്കുവഹിക്കാൻ കഴിയും എന്നത് തർക്കമറ്റ വിഷയമാണ്. ഇതിന് അധ്യാപകരോടൊപ്പം തന്നെ അധികൃതരുടെ ഭാഗത്ത് നിന്നും മാതാപിതാക്കളുടെയും നാട്ടുകാരുടെയും കൂട്ടായ സഹകരണവും പ്രതീക്ഷിക്കുന്നു.

## ലക്ഷ്യങ്ങൾ

* കൊണ്ടയൂരിലെ മികവിന്റെ കേന്ദ്രമാക്കി ഈ സ്ഥാപനത്തെ മാറ്റുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം.
* ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ച് ഇറങ്ങുന്ന കുട്ടികൾക്ക് എല്ലാ മേഖലകളിലും മികച്ച നിലവാരം പുലർത്താൻ കഴിയണം.
* സ്കൂളിന്റെ ഭൗതികാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തി കൂടുതൽ ആകർഷകമാക്കണം.
* മാലിന്യസംസ്കരണം, പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകണം.
* എൽ.പി സ്കൂളിനെ യു.പി തലത്തിലേക്ക് ഉയർത്തുക.

## അക്കാദമിക നേട്ടങ്ങൾ

* മലയാളം, ഇംഗ്ലീഷ് ഭാഷാവികസനം, കേട്ട് മനസ്സിലാക്കൽ, വായിച്ച് ആശയം ഗ്രഹിക്കൽ, ആസ്വദിക്കൽ, ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ രചനകളുടെ അർത്ഥങ്ങൾ വ്യാഖ്യാനിക്കൽ, സർഗാത്മക രചനകൾ നടത്തൽ, പദാവലി വികസിപ്പിക്കൽ, അക്ഷരബോധം, സാഹിത്യ രൂപങ്ങളെയും കലാരൂപങ്ങളെയും വിലയിരുത്തൽ, ഐ.ടി അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ച് വിവരശേഖരണം നടത്തൽ
* ഗണിതശേഷി വികസനം.
* വായനാ പരിപോഷണം.
* ലൈബ്രറി ശാക്തീകരണം.

* ഗണിത ലാബ്
* ഒന്നാം ക്ലാസ്സ് - ഒന്നാം തരം
* പ്രവൃത്തി പരിചയം
* ടേം മൂല്യനിർണയം, നിരന്തര മൂല്യനിർണയം

## ഭൗതിക നേട്ടങ്ങൾ

* ജൈവ വൈവിധ്യപാർക്ക്
* പച്ചക്കറിത്തോട്ടം
* കലാ കായിക പഠനത്തിന് വേണ്ട സൗകര്യങ്ങൾ
* നീന്തൽ കുളം
* പാർക്ക്.

## സാമൂഹിക നേട്ടങ്ങൾ

* ദിനാചരണങ്ങൾ
* പഠനയാത്രകൾ
* പോഷകാഹാര പരിപാടി

# ചരിത്രം

1948-ൽ സ്ഥാപിതമായതാണ് ജി. എൽ. പി. എസ് കൊണ്ടയൂർ എന്ന വിദ്യാലയം. തൃശൂർ ജില്ലയിലെ ഏറ്റവും വടക്കേ അറ്റത്ത് കിടക്കുന്ന ദേശമംഗലം പഞ്ചായത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഈ വിദ്യാലയം ആരംഭിക്കുന്നതിന് മുമ്പ് കുടിപള്ളിക്കൂടങ്ങളായിരുന്നു വിദ്യാഭ്യാസകേന്ദ്രങ്ങൾ. റോഡ് ഗതാഗതം അപ്രാപ്യമായിരുന്ന ഒരു ഗ്രാമമായിരുന്നു കൊണ്ടയൂർ. ചെറിയ കുട്ടികൾ ഈ വിദ്യാലയത്തിൽ എത്തിച്ചേരാൻ വരുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് നല്ല സാമ്പത്തിക സ്ഥിതിയും ബന്ധുബലവുമുള്ള പാറത്തിൽ കൃഷ്ണൻകുട്ടി നായർ അദ്ദേഹത്തിന്റെ പറമ്പിൽ സ്ഥലം കൊടുത്ത് ഒരു ഓല ഷെഡ്ഡിൽ വിദ്യാലയം ആരംഭിച്ചു. അധ്യാപകരും നടത്തിപ്പും സർക്കാർ വകയായിരുന്നു. പിന്നീട് അവിടെ നിന്നും വിദ്യാലയം മാറ്റി കൃഷ്ണൻകുട്ടി നായർ തന്നെ ഇഷ്ടദാനമായി നൽകിയ സ്ഥലത്ത് സർക്കാർ ഓടിട്ട കെട്ടിടം പണിതു. കിഴായൂർ നമ്പൂതിരി മാഷായിരുന്നു അന്നത്തെ പ്രധാന അധ്യാപകൻ.

റോഡ് സൗകര്യവും വാഹനസൗകര്യവും അന്ന് വളരെ കുറവായിരുന്നു. ദൂരെ നിന്നും വരുന്ന അധ്യാപകർക്ക് ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ദേശമംഗലം മനപ്പടിയിൽ നിന്നും ഒരു മണിക്കൂർ ദൂരം നടന്നു വേണം സ്കൂളിൽ എത്താൻ, നടക്കാൻ പോലും ദുഷ്കരമായിരുന്നു അന്നത്തെ വഴികൾ. ഇരുപത് വർഷം മുമ്പ് ഇതായിരുന്നു അവസ്ഥ. ഇവിടേക്ക് ഒരു റോഡ് ഉണ്ടാക്കുന്നതിന് വേണ്ടി നല്ലവരായ നാട്ടുകാരും പ്രമുഖ വ്യക്തികളും പലതരത്തിലും പ്രയത്നിച്ചു. പ്രശസ്ത സാഹിത്യകാരനായ ഒ.വി. വിജയൻ സാറിന്റെ പത്നിഗൃഹം ഇവിടെയാണ്. അദ്ദേഹവും ഇവരോടൊപ്പം ചേർന്ന് പ്രവർത്തിച്ചി

രുന്നു. ഗതാഗത സൗകര്യം ഇല്ലാതിരുന്നതിനാൽ സ്ത്രീ അധ്യാപകർ ഇല്ലാത്ത അവസ്ഥ ഉണ്ടായിരുന്നു.

# വിദ്യാലയം - മികവിന്റെ കേന്ദ്രം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടു കൂടി സർക്കാർ നടത്തിയ യജ്ഞത്തിൽ ഈ നാടിന്റെ അഭിവൃദ്ധിക്ക് വേണ്ടി ഈ സ്കൂളിനും മുഖ്യപങ്ക് വഹിക്കുന്നതിനും സംഭാവനകൾ നൽകുന്നതിനും കഴിയും എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്.

മുഴുവൻ കുട്ടികളേയും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്തിക്കാനുള്ള പഠനാവസരമാണ് നാം നൽകേണ്ടത്. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മികച്ച പഠനത്തിനായി ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികളെ ആകർഷിക്കാൻ വേണ്ട സാമൂഹിക മാറ്റങ്ങൾക്കനുയോജ്യമായ ക്ലാസ്സ് മുറികളാണ്.

2015 മുതൽ PTA യുടെ കീഴിൽ നടക്കുന്ന എൽ. കെ. ജി, യു. കെ. ജി ക്ലാസ്സുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സ്കൂളിൽ വിവിധ ക്ലബുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. ലൈബ്രറി, വായനാമൂല എന്നിവയും ഉണ്ട്. ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി ടെസ്റ്റുകൾ, സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് അസംബ്ലി തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കലാകായിക പ്രവർത്തനങ്ങൾക്കും വേണ്ടത്ര പ്രാധാന്യം നൽകി വരുന്നു.

പ്രത്യേക പരിശീലനം അർഹിക്കുന്ന കുട്ടികൾക്കും വിഭാഗങ്ങൾക്കും പ്രാധാന്യം നൽകി വരുന്നു.

[illegible]

[illegible]

മേഖല: അക്കാദമികം ഉപമേഖല: ഭാഷാപഠനം
(സർഗ്ഗാത്മക വികസനം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ, വായന എഴുത്ത് എന്നിവക്ക് വേണ്ട പ്രവർത്തനങ്ങൾ ഒരുക്കൽ. | * പദകാർഡുകൾ, അക്ഷര കാർഡുകൾ കാണിക്കുന്നു വായിക്കുന്നു.<br>* ഒരു അക്ഷരം ഉപയോഗിച്ച് പല വാക്കുകൾ കണ്ടെത്തുന്നു, വായിപ്പിക്കുന്നു.<br>* അക്ഷരചിത്രങ്ങൾ അക്ഷരപാട്ടുകൾ<br>* അക്ഷരം ഉപയോഗിച്ച് പുതിയ പദങ്ങളും പാട്ടുകളും നിർമ്മിക്കുക.<br>* വായനമൂല മെച്ചപ്പെടുത്തൽ.<br>* 1-4 വരെ ക്ലാസുകളിൽ ഭാഷാപഠനത്തിന് വായിക്കാനുള്ള സാമഗ്രികൾ ലിസ്റ്റ് ചെയ്ത് ശേഖരിക്കൽ.<br>* കുട്ടിവായന<br>* എല്ലാ ദിവസവും അസംബ്ലിയിൽ പുസ്തകം നൽകി വായനപരിപോഷിപ്പിക്കൽ.<br>* കഥാപൂരണം.<br>* കവിതാപൂരണം.<br>* വായനകുറിപ്പ് തയ്യാറാക്കൽ. | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ<br>പി.ടി.എ<br>SMC | |

| | | | |
|---|---|---|---|
| | അസംബ്ലിയിൽ അവതരിപ്പിക്കൽ<br>* അസംബ്ലിയിൽ പത്രവായന<br>* ഡയറി എഴുത്ത്<br>* കഥാചിത്രങ്ങൾ നൽകി കഥ വികസിപ്പിക്കൽ.<br>* വായനാ കാർഡ് നൽകി വായിപ്പിക്കൽ. | എല്ലാ ദിവസവും | അധ്യാപകർ |
| സർഗാത്മക രചനകളിൽ പങ്കെടുക്കൽ | * ഭാഷ കൈകാര്യം ചെയ്യുന്ന പ്രഗത്ഭരായ വ്യക്തികളുമായുള്ള അഭിമുഖം അനുഭവ പങ്കുവെക്കൽ<br>* സർഗച്ചുവർ ഓരോ ക്ലാസിലെ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കൽ.<br>* സ്കൂൾ ബ്ലോഗ്<br>* കലാവാസനകളെ പരിപോഷിപ്പിക്കൽ.<br>* പാവനാടകം (പാഠഭാഗവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു) | 1 വർഷം<br>1 വർഷം<br>1 വർഷം | ഐ.ടി കോർഡിനേറ്റർ |
| നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | * കുറിപ്പുകൾ, കുട്ടിക്കവിതകൾ നിർമ്മിക്കൽ<br>* പാഠഭാഗവുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളുടെ മറ്റ് ജീവികളുടെയും ചിത്രം നിർമ്മിക്കൽ<br>* പാവനാടകം | | |

# മേഖല: അക്കാദമികം ഭാഷാപഠനം (ഇംഗ്ലീഷ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | * പ്രീ ടെസ്റ്റ് നടത്തി വിശകലനം നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്ന പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തൽ<br>* പഠന സന്ദർഭങ്ങൾ ഒരുക്കി സംഭാഷണങ്ങൾ അവതരിപ്പിക്കൽ.<br>* ക്ലാസ്സ് അടിസ്ഥാനത്തിൽ സംഭാഷണങ്ങൾ എഴുതിക്കുന്നു.<br>* ഇംഗ്ലീഷ്, റൈംസ് ശേഖരിക്കൽ അവതരിപ്പിക്കൽ കൂട്ടിച്ചേർക്കൽ<br>* സ്കൂൾ അസംബ്ലി, ഇംഗ്ലീഷ് പത്രവായന<br>* ഇംഗ്ലീഷ് വായന, സാമഗ്രികൾ, ലഘു പുസ്തക വായന<br>* ലഘുവിവരണങ്ങൾ തയ്യാറാക്കൽ.<br>* സ്റ്റോറി ടെല്ലിംഗ്<br>* സ്റ്റോറി റൈറ്റിംഗ്<br>* മൂല്യനിർണ്ണയം, പതിപ്പ് നിർമ്മാണം. | ജൂൺ - മാർച്ച് വരെ | അധ്യാപകർ<br>പിടിഎ<br>ഗ്രന്ഥശാല | |
| ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി, വായനാ സാമഗ്രികൾ ലഘുവായന | * ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കൽ, പുസ്തക | | | |

| | |
|---|---|
| സാമഗ്രികൾ<br>ലഘുവായ പുസ്ത-<br>കങ്ങൾ, പടം<br>ശേഖരിക്കുന്നതി<br>നും സൂക്ഷിക്കുന്ന<br>തിനുള്ള ക്രമീക-<br>രണം ഉണ്ടാക്ക<br>ൽ,<br><br>പ്രവർത്തനങ്ങ<br>ളിലൂടെയും കളിക-<br>ളിലൂടെയും ഭാഷാ<br>പഠനം. | ങ്ങൾ വാങ്ങൽ, പി.ടി.എ<br>യോഗത്തിൽ അവതരണം<br>* ICT ഉപയോഗിച്ച്<br>ഇംഗ്ലീഷ് സിംപിൾ<br>സ്റ്റോറി കാണാൻ<br>അവസരം നൽകുന്നു.<br>* സ്റ്റോറിയെ അടിസ്ഥ<br>നമാക്കി ചോദ്യങ്ങൾ<br>ഉത്തരങ്ങൾ കണ്ടെത്തി<br>പറയിപ്പിക്കുന്നു.<br>* വിവിധ തരം ഗെയിംസ്<br>കളിക്കാനുള്ള<br>അവസരം നൽകുന്നു. |

# മേഖല-അക്കാദമികം

## ഉപമേഖല: ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ശാസ്ത്രബോധം വളർത്തിയെടുക്കൽ | * ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നു.<br>* ചെറിയ ചെറിയ പരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ അവസരം നൽകൽ<br>* ശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള കഥകൾ കുട്ടികൾക്ക് കേൾക്കാൻ അവസരം നൽകൽ<br>* ശാസ്ത്ര പുസ്തകങ്ങൾ വായിക്കുവാനും വായിച്ച പുസ്തകത്തെപ്പറ്റി അസംബ്ലിയിൽ അവതരണം | ആഴ്ചയിലൊരിക്കൽ | അധ്യാപകർ<br>വിദഗ്ദരെ കൊണ്ട് ക്ലാസ് നടത്തിക്കൽ | |
| ശാസ്ത്രപഠനം രസകരമാക്കുന്നതിനും പ്രകൃതിസ്നേഹം വളർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ | * ഫീൽഡ് ട്രിപ്പുകൾ<br>* ശാസ്ത്രമാസിക തയ്യാറാക്കൽ<br>* ശാസ്ത്രഉപകരണങ്ങളുടെ മാതൃകകൾ പരിചയപ്പെടൽ<br>* ശാസ്ത്രമൂല ഒരുക്കൽ<br>* ശാസ്ത്രമേളകൾ<br>* ക്വിസ്, സെമിനാർ ക്ലാസ്സ് | | അധ്യാപകർ<br>പി.ടി.എ | |
| നിരീക്ഷണ പരീക്ഷണത്തിലൂടെ കുട്ടി | * ആഴ്ചയിൽ 3 പ്രാവശ്യം അസംബ്ലിയിൽ ലഘു പരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| പരിസരത്തെ തിരിച്ചറിയൽ | ചെയ്യാൻ അവസരം നൽകൽ<br>* ഹിഡപാർട് തയ്യാറാക്കൽ<br>* പരിസരവുമായി കൂടുതൽ ഇണങ്ങാൻ ഒരു യാത്ര പ്രകൃതിയിലേക്ക് നടത്തുന്നു.<br>* ചുറ്റുപാടുമുള്ള വസ്തുക്കളെ നിരീക്ഷിക്കാൻ അവസരം നൽകുന്നു. (ജൈവ വൈവിധ്യ പാർക്ക്)<br>* ലാബ് ഒരുക്കൽ | അധ്യാപകർ. | |
| ജൈവവൈവിധ്യ പാർക്ക് | * ജൈവവേലി, കുളം പൂക്കൾ, പച്ചക്കറി ഔഷധത്തോട്ടം, [illegible] | 1 വർഷം | PTA സംരക്ഷണ സമിതി |
| പരിസ്ഥിതി സൗഹൃദവിദ്യാലയം - ജലസംരക്ഷണം. | * പരിസ്ഥിതി സംരക്ഷണം വഴി തലമുറകളും ജലം, മണ്ണ്, വൈദ്യുതി എന്നിവയുടെ സംരക്ഷണം, ബോധവൽക്കരണ ക്ലാസ്സ്, കിണർ റീചാർജ് | 1 വർഷം | PTA |

# പ്രതീക്ഷിത നേട്ടങ്ങൾ

- ലൈബ്രറി വിപുലീകരണം
- ഗണിത /ശാസ്ത്ര ലാബുകൾ
- പാർക്ക്
- നീന്തൽ കുളം
- അടുക്കളത്തോട്ടം

# മോണിറ്ററിംഗ് രീതി

- ഡിപ്പാർട്ട്മെന്റ് തലം
- പി.ടി.എ
- എം.പി.ടി.എ
- എസ്.എം.സി
- ക്ലബ്ബുകൾ
- സന്നദ്ധസംഘടന പ്രതിനിധികൾ
- ഭിന്നശേഷിയുള്ള കുട്ടികൾ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ
- തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ
- പൂർവ്വ അധ്യാപകർ
- പ്രാദേശിക വിദഗ്ധർ

# ജി. എൽ. പി. എസ്
## കൊണ്ടയൂർ 2025-26

### അധ്യാപകർ

ഷീന. കെ - ഹെഡ്മിസ്ട്രസ്
ഫെമിജി. കെ. ആർ - FIJLT അറബിക്
അശ്വതി പി - LPST
സബിത പി.പി - LPST
ഉമ്മുസൽമ പൂന്തല - LPST

അബൂബക്കർ സിദ്ദിക് - പി.ടി.എ പ്രസിഡന്റ്
നിമ്യ - പി.ടി.എ വൈസ് പ്രസിഡന്റ്
ദിലീപ് - എസ്.എം.സി ചെയർമാൻ
ജുഹ്സിന - വൈസ് ചെയർപേഴ്സൺ
അനീഷ - എം.പി.ടി.എ പ്രസിഡന്റ്
മിനി - എം.പി.ടി.എ വൈസ് പ്രസിഡന്റ്

# ജി. എൽ. പി. എസ്
## കൊണ്ടയൂർ 2025-26

അധ്യാപകർ

ബീന. കെ - ഹെഡ്മിസ്ട്രസ്
ഷെറിജി. കെ. ആർ - FIJLT അറബിക്
അശ്വതി പി - LPST
സബിത പി.പി - LPST
ഉമ്മുസൽമ പൂന്തല - LPST

അബൂബക്കർ സിദ്ദിക്ക് - പി.ടി.എ പ്രസിഡന്റ്
നിമ്മ്യ - പി.ടി.എ വൈസ് പ്രസിഡന്റ്
ദിലീപ് - എസ്.എം.സി ചെയർമാൻ
ജുവീസിന - വൈസ് ചെയർപേഴ്സൺ
അനീഷ - എം.പി.ടി.എ പ്രസിഡന്റ്
മിനി - എം.പി.ടി.എ വൈസ് പ്രസിഡന്റ്